## പതിമൂന്നാം കേരള നിയമസഭ
## പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ **5160** — **30/06/2014**-ലെ മറുപടിക്ക്

### വിജിലൻസ് ആന്റ് ആന്റികറപ്ഷൻ ബ്യൂറോയുടെ പ്രവർത്തനം

| ചോദ്യം | മറുപടി. |
|---|---|
| ശ്രീ. കോടിയേരി ബാലകൃഷ്ണൻ<br>പ്രൊഫ. സി. രവീന്ദ്രനാഥ്<br>ശ്രീ. കെ. വി. വിജയദാസ്<br>,, സി. കൃഷ്ണൻ | ശ്രീ. രമേശ് ചെന്നിത്തല<br>(ആഭ്യന്തരവും വിജിലൻസും വകുപ്പ് മന്ത്രി) |
| എ) വിജിലൻസ് ആന്റ് ആന്റികറപ്ഷൻ ബ്യൂറോയുടെ പ്രവർത്തനം സംസ്ഥാനത്ത് വർദ്ധിച്ചു വരുന്ന അഴിമതികൾ കണ്ടുപിടിക്കുന്നതിലും തടയുന്നതിലും ഫലപ്രദമാകുന്നുണ്ടെന്ന് കരുതുന്നുണ്ടോ; വിശദമാക്കാമോ; | എ) ടോൾഫ്രീ, വിജിലൻസ് ലൈറ്റ്നിംഗ് സ്ക്വാഡ്, സോഷ്യൽ നെറ്റ് വർക്കിംഗ് സൈറ്റുകളിലൂടെ പരാതി സ്വീകരിക്കൽ തുടങ്ങി ഒട്ടേറെ നവീന പദ്ധതികൾ സാക്ഷാത്കരിച്ച് നടപ്പിലാക്കി വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോ തങ്ങളുടെ അഴിമതി വിരുദ്ധ പ്രവർത്തനമേഖലയിൽ സജീവ സാന്നിദ്ധ്യമായി വർത്തിക്കുന്നു. സംസ്ഥാന വ്യാപകമായി വിവിധ വകുപ്പിന്റെ കീഴിലുള്ള ഓഫീസുകളിൽ മിന്നൽ പരിശോധനകൾ നടത്തിയും, വിജിലൻസ് ട്രാപ്പിലൂടെയും മറ്റും കൈക്കൂലിക്കാരായ ഉദ്യോഗസ്ഥരെ പിടികൂടിയും അഴിമതി കണ്ടെത്തി നിർമ്മാർജ്ജനം ചെയ്യുന്നതിൽ വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോ ഫലപ്രദമായി പ്രവർത്തിക്കുന്നു. അന്വേഷണം ത്വരിതപ്പെടുത്തിയും, അന്വേഷണ റിപ്പോർട്ടുകളിൽ ശക്തമായി ശിക്ഷാ നടപടി ശുപാർശ ചെയ്തും ഈ ബ്യൂറോ അഴിമതിയ്ക്കെതിരെ ശക്തമായി നിലപാട് സ്വീകരിക്കുന്നു. |
| ബി) ഈ സർക്കാരിന്റെ കാലത്ത് സർക്കാർ ആപ്പീസുകളിൽ നടന്ന അഴിമതികളും കൈക്കൂലികളും സംബന്ധിച്ച് എത്ര കേസുകൾ രജിസ്റ്റർ ചെയ്യുകയുണ്ടായി; | ബി) ഈ സർക്കാരിന്റെ കാലത്ത് സർക്കാർ ഓഫീസുകളിൽ നടന്ന അഴിമതികളും കൈക്കൂലികളും സംബന്ധിച്ച് നാളിതു വരെ 378 വിജിലൻസ് കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. |
| സി) ഈ സർക്കാരിന്റെ കാലത്ത് ഏതെങ്കിലും വിജിലൻസ് കേസുകൾ പിൻവലിക്കുകയോ, തുടരന്വേഷണം നടത്തേണ്ടതില്ലെന്ന് തീരുമാനിക്കുകയോ ചെയ്തിട്ടുണ്ടോ; എങ്കിൽ ഏതൊക്കെ; | സി) ഈ സർക്കാരിന്റെ കാലത്ത് നാളിതു വരെ കോടതി ഉത്തരവിട്ടു പിൻവലിച്ച 6 വിജിലൻസ് കേസുകൾ ഉണ്ട്. ഇവയുടെ കേസ് നമ്പർ ചുവടെ ചേർക്കുന്നു.<br>1) VC 03/1997/KSD 2) VC 01/2011/SIU- II<br>3) VC 03/2012/ SIU- I 4) VC 06/2009/CRE<br>5) VC 07/2009/CRE 6) VC 12/2003/SIU |
| ഡി) എല്ലാ ജില്ലകളിലും ഫ്ളയിംഗ് സ്ക്വാഡുകൾ രൂപീകരിച്ച് പ്രവർത്തിപ്പിക്കുമെന്ന പ്രഖ്യാപനം നടപ്പിലാക്കുകയുണ്ടായോ; പ്രസ്തുത സ്ക്വാഡുകൾ വഴി കണ്ടെത്തിയ ക്രമക്കേടുകളുടെ എണ്ണം ജില്ല തിരിച്ച് വെളിപ്പെടുത്താമോ? | ഡി) വിജിലൻസ് ലൈറ്റ്നിംഗ് സ്ക്വാഡ് പരീക്ഷണാടിസ്ഥാനത്തിൽ തിരുവനന്തപുരം നഗര പരിധിയിൽ മാത്രമാണ് ഇപ്പോൾ പ്രവർത്തിക്കുന്നത്. ലൈറ്റ്നിംഗ് സ്ക്വാഡ് മുഖേന ലഭിക്കുന്ന റിപ്പോർട്ടുകൾ അപ്പോൾ തന്നെ സൂക്ഷ്മമായി പരിശോധിച്ച് നടപടി സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ